നവംബർ 2020

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ്
പൈതൃക പദ്ധതി



## ലത്തീൻ കത്തോലിക്കരുടെ തനതു കലാരൂപം

# ചവിട്ടുനാടകം



# ലത്തീൻ കത്തോലിക്കരുടെ തനതു കലാരൂപം ചവിട്ടു നാടകം

● സിപ്പി പള്ളിപ്പുറം

കേരളത്തിലെ ക്രൈസ്തവർ നമ്മുടെ കലാവേദിക്കു സംഭാവന നൽകിയ അനന്യസാധാരാണമായ ഒരു ദൃശ്യകലാരൂപമാണ്ചവിട്ടു നാടകം. തമിഴ്നാട്ടിൽ തെരുക്കൂത്തെന്ന പേരിലും ശ്രീലങ്കയിൽ നാടഗമ എന്ന പേരിലും ചവിട്ടു നാടകം നിലനിന്നിരുന്നത്രേ.

വാസ്കോഡ ഗാമയുടെ കൂടെ വന്ന പറങ്കികൾ ഇവിടെ വച്ച് മിശ്രവിവാഹം ചെയ്തുണ്ടായ ജനതയിൽ നിന്നാണ് ചവിട്ടു നാടകം എന്ന കേരളത്തിലെ ആദ്യത്തെ വിജയകരമായ നാടകവേദി ഉടലെടുത്തത് എന്നാണ് സി.ജെ. തോമസ് തന്റെ ഉയരുന്ന യവനിക എന്ന പഠനഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നത്.

ക്രിസ്തീയ പ്രേക്ഷകർക്ക് രസിക്കത്തക്ക വിധത്തിൽ ബൈബിൾ കഥകൾക്ക് രംഗാവതരണം നൽകിയിരിക്കുകയാണ് ചവിട്ടു നാടകത്തിൽ എന്നാണ് പ്രശസ്ത ചരിത്രകാരനായ എ. ശ്രീധരമേനോൻ തന്റെ കേരള ചരിത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

ക്രിസ്ത്യാനികളുടെ  ചവിട്ടു നാടകം ചില കേരളീയ കലകളുടേയും യൂറോപ്യൻ ഓപ്പറെയുടേയും സമ്മേളിത രൂപമാണെന്ന് കേരളത്തിന്റെ സാംസ്കാരിക ചരിത്രം എന്ന ഗ്രന്ഥത്തിൽ പി. കെ. ഗോപാലകൃഷ്ണനും എടുത്തു പറഞ്ഞിട്ടുണ്ട്.

**ചവിട്ടു നാടകങ്ങളുടെ മുഖ മുദ്രകൾ**;

കേരളത്തിലെ കഥകളി, കൂടിയാട്ടം എന്നീ കലാരൂപങ്ങളോടും യൂറോപ്യൻ ഓപ്പറെയോടും അടുത്ത ബന്ധം പുലർത്തുന്ന ഒരു പ്രാചീന കലാ പ്രസ്ഥാനമാണ് ചവിട്ടു നാടകം. പാട്ടും പയറ്റും നൃത്തനൃത്യങ്ങളും അഭിനയവുമെല്ലാം മനോഹരമായി ഈ കലാരൂപത്തിൽ ഇഴുകിച്ചേർന്നിരിക്കുന്നു.

തമിഴ്നാട്ടിലെ തെരുക്കൂത്തിനോടും, കർണാടകത്തിലെ യക്ഷഗാനത്തോടും, ശ്രീലങ്കയിലെ നാടഗമയോടും വളരെയേറെ സാദൃശ്യം ചവിട്ടു നാടകത്തിനുണ്ട്. ഭാരതീയ ക്ലാസിക്കൽ കലയുടെ സത്ത ഉൾക്കൊണ്ടിട്ടുള്ള ഒരു സെമി ക്ലാസിക്കൾ ശൈലിയാണ് ചവിട്ടുനാടകത്തിൽ സ്വീകരിച്ചിട്ടുള്ളത്. കഥകളിയുടേയും മറ്റും ശുദ്ധ ക്ലാസിക്കൽ ഉൾക്കൊള്ളാൻ കഴിയാതിരുന്ന സാധാരണ ജനവിഭാഗത്തിന് കൂടുതൽ ഉണർവും ആനന്ദവും പ്രദാനം ചെയ്യാൻ ഈ കലാരൂപത്തിനു കഴിഞ്ഞു.

ക്രൈസ്തവസന്മാർഗിക കഥകൾ, ചരിത്ര കഥകൾ, ബൈബിൾ കഥകൾ, അമാനുഷികാഖ്യാനങ്ങൾ എന്നിവ നാടകരൂപത്തിൽ  അക്ഷരാഭ്യാസമില്ലാത്ത ഗ്രാമീണ ജനങ്ങളിലേക്ക് പകരാനുള്ള തീവ്രയത്നമാണ്

ചവിട്ടുനാടകരൂപീകരണത്തിന് കളമൊരുക്കിയത്.

ചവിട്ടു നാടക കൃതികളെ ചുവടികൾ എന്നാണ് പറയുക. ആദ്യകാല ചുവടികളെല്ലാം താളിയോലയിലാണ് എഴുതപ്പെട്ടത്. ചുവടികളിൽ നിർദേശിച്ചിട്ടുള്ള പ്രകാരം അരങ്ങിലെത്തുന്ന വിവിധ കഥാപാത്രങ്ങളും കട്ടിയക്കാരനും (സൂത്രധാരൻ) പിൻപാട്ടുകാരും ആശാനുമെല്ലാം ചേർന്നാണ് നാടകം കൊഴുപ്പിക്കുന്നത്.

ചവിട്ടുനാടകം സംഗീത പ്രധാനം മാത്രമല്ല നൃത്തപ്രധാനം കൂടിയാണ്. സംഗീതത്തിനൊപ്പിച്ചുള്ള ചുവടുകൾക്കാണ് ചവിട്ട് എന്നു പറയുന്നത്. ഈ ചവിട്ടുകളാണ് നാടകത്തിന്റെ ജീവൻ. അതുകൊണ്ടുതന്നെയാണ് ഇതിന് ചവിട്ടുനാടകം എന്ന് പേരുവന്നത്.

ആദ്യകാലത്ത് 100-120 അടി നീളമുള്ള വലിയ തട്ടുകളിലാണ് ചവിട്ടു നാടകം അവതരിപ്പിച്ചിരുന്നത്. അമ്പതും അറുപതും പേർ പങ്കെടുക്കുന്ന യുദ്ധ രംഗങ്ങൾ, രാജാക്കന്മാരുടെ കുതിരപ്പുറത്തുള്ളയാത്ര, ചക്രവർത്തിയും, സാമന്ത രാജാക്കന്മാരും പരിവാരങ്ങളും ചേർന്നുള്ള എഴുന്നള്ളത്ത്, രാജാക്കന്മാരും അനുചരന്മാരും ചേർന്നുള്ള നായാട്ട് തുടങ്ങിയവയെല്ലാം ജീവസുറ്റ രീതിയിൽ അരങ്ങിൽ പ്രദർശിപ്പിച്ചിരുന്നു.

ഒരു ചവിട്ടു നാടകത്തിൽ വ്യത്യസ്ത ശൈലിയിലുള്ള നൂറിൽ പരം പാട്ടുകളുണ്ടായിരിക്കും നാടകത്തിന്റെ കഥയേയും വിവിധ സംഭവങ്ങളേയും കൂട്ടിയിണക്കുന്ന കട്ടിയക്കാരൻ (സൂത്രധാരൻ) ചവിട്ടു നാടകത്തിലെ സുപ്രധാന കണ്ണിയാണ്. നാടകത്തിന് കൊഴുപ്പു കൂട്ടുന്ന രീതിയിലുള്ള സന്ദർഭോചിതമായ തമാശകളും ഹാസ്യാത്മകമായ വിമർശനങ്ങളും പൊടിക്കൈകളുംകൊണ്ട് സദസ്യരെ ഇളക്കിമറിക്കാൻ കഴിവുള്ള നാടൻ കലാകാരനെയാണ് കട്ടിയക്കാരനായി നിയോഗിച്ചിരിക്കുന്നത്.

കൊട്ടും പാട്ടും ചവിട്ടും വാൾപയറ്റും ദ്വന്ദ്വയുദ്ധവും, നൃത്തനൃത്യങ്ങളും കണ്ണഞ്ചിപ്പിക്കുന്ന വേഷവിധാനങ്ങളുമെല്ലാം കണ്ടും കേട്ടും ജനങ്ങൾ പ്രഭാതം വരെ മൈതാനത്ത് കണ്ണും തുറന്നിരിക്കും. നാലും അഞ്ചും ദിവസം കൊണ്ടാണ് പലകഥകളും അവതരിപ്പിച്ചു തീർത്തിരുന്നത്. ഗുരുകുല മാതൃകയിൽ ആശാനെ വണങ്ങി (ദക്ഷിണ വച്ച് ) യാണ് നടന്മാർ നാടക റിഹേഴ്സലിന് തുടക്കം കുറിച്ചിരുന്നത്.

**ചവിട്ടു നാടകത്തിന്റെ ഉദയവികാസങ്ങൾ;**

കഥകളിയുടെ ആവിർഭാവത്തിന് ഏകദേശം ഒരു നൂറ്റാണ്ടു മുൻപ്, പതിനാറാം ശതകത്തോടെയായിരുന്നു കേരളത്തിൽ ചവിട്ടു നാടകത്തിന്റെ ഉദയം. അക്കാലത്ത് യൂറോപ്പിൽ നിന്നും വന്ന ക്രിസ്ത്യൻ മിഷനറിമാരാണ് ഈ കലാരൂപത്തിന്റെ ഉപജ്ഞാതാക്കൾ. സംസ്കൃത നാടകങ്ങളുടെ മലയാളം വിവർത്തനങ്ങൾ കേരളത്തിലങ്ങോളമിങ്ങോളം അരങ്ങേറാൻ തുടങ്ങിയ കാലത്തുതന്നെയായിരുന്നു ചവിട്ടുനാടകത്തിന്റേയും ആവിർഭാവം.

1599 ൽ ഉദയംപേരൂർ സുന്നഹദോസിനുശേഷം ആര്യബ്രാഹ്മണബന്ധമുള്ള കൂത്ത്, കൂടിയാട്ടം തുടങ്ങിയ കലാരൂപങ്ങൾ ക്രൈസ്തവ ദേവാലയങ്ങളിൽ അവതരിപ്പിക്കുന്നതിന് മേലധികാരികൾ വിലക്കേർപ്പെടുത്തി. രാമായണ-ഭാരതാദി ഇതിഹാസങ്ങളുടെ പാരായണവും പള്ളി അങ്കണത്തിൽ നിരോധിച്ചു.

ഈ വിടവു നികത്താനും ക്രൈസ്തവരുടെ കലാവാസനയെ വളർത്താനും, പൂന്താനത്തിന്റെ ജ്ഞാനപ്പാനയുടെ ചുവടുപിടിച്ച് ക്രിസ്ത്യൻ മിഷനറിമാരായ ചിലർ ഭക്തിരസ പ്രധാനമായ ചിലപാട്ടുകൾ രചിക്കാൻ തുടങ്ങി. ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ ജനശ്രദ്ധയാകർഷിച്ചത് അർണോസു പാതിരിയുടെ പുത്തൻ പാന എന്ന കൃതിയായിരുന്നു. ക്രിസ്തുദേവന്റെ ജീവിതകഥയെ ആസ്പദമാക്കി രചിച്ച പുത്തൻപാന അക്കാലത്ത് മിക്ക ക്രിസ്ത്യൻ ഭവനങ്ങളിലും പാരായണം ചെയ്തിരുന്നു. മലയാളത്തിലുണ്ടായിട്ടുള്ള മികച്ച വിലാപകാവ്യങ്ങളിൽ ഒന്നാണിത്.

ഈ അവസരത്തിൽ തന്നെയാണ് കത്തോലിക്കാ മതത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ മിഷനറിമാർ ചവിട്ടു നാടകത്തിന് ജന്മം നൽകിയത്. ഈ കലാരൂപത്തിന്റെ മൂലതറവാടുകളായി പരിഗണിച്ചുവരുന്നത് പോർട്ടുഗീസ് സ്വാധീനവലയത്തിലായിരുന്ന കൊച്ചിയും കൊടുങ്ങല്ലൂരുമാണ്. തമിഴ് നാട്ടിൽ നിന്നും മട്ടാഞ്ചേരിയിലെത്തിയ ക്രിസ്ത്യൻ പണ്ഡിതന്മാരായ ചിന്നത്തമ്പി അണ്ണാവിയും,



വേദനായകവും കൊച്ചിയിലെ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ചിലപരിപാടികൾ ആവിഷ് കരിച്ചു.അതിനായി ചിന്നത്തമ്പി എഴുതിയുണ്ടാക്കിയ പ്രസ്റ്റീന എന്ന ചുവടിയാണ് ആദ്യത്തെ ചവിട്ടുനാടകമായി രംഗത്തവതരിപ്പിക്കപ്പെട്ടതെന്ന് കരുതുന്നു. എന്നാൽ റോമാ ചക്രവർത്തിയുടെ അപദാനങ്ങൾ പ്രകീർത്തിക്കുന്ന ജനോവയാണ് ആദ്യത്തെ ചവിട്ടു നാടകമെന്ന് ഡിസി ബുക്സിന്റെ അഖില വിജ്ഞാനകോശത്തിൽ കാണുന്നു. ഇതുരണ്ടുമല്ല കാറൽമാൻ ചരിതമാണ് ആദ്യത്തെ ചവിട്ടുനാടകകൃതിയെന്ന് ഇതേക്കുറിച്ച് കൂടുതൽ പഠനം നടത്തിയിട്ടുള്ള സെബീന റാഫി തന്റെ ചവിട്ടുനാടകം എന്ന കൃതിയിൽ വ്യക്തമാക്കുന്നു. എങ്ങനെയായാലും കാറൽമാൻ ചരിതം ഇക്കൂട്ടത്തിൽ ഏറ്റവും മികച്ചു നിൽക്കുന്ന കൃതിയാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

പള്ളിപ്പെരുന്നാളുകൾ, കല്യാണാഘോഷങ്ങൾ, ക്രിസ്മസ്, ഈസ്റ്റർ എന്നീ അവസരങ്ങളിലാണ് പ്രധാനമായും ചവിട്ടു നാടകങ്ങൾ അരങ്ങേറിവന്നത്. അല്ലേശു നാടകം, ബൃശീനാ നാടകം, യൗസേപ്പു നാടകം, അൽഫോൺസ് നാടകം, നെപ്പോളിയൻ നാടകം, ഗീവർഗീസ് നാടകം, ദാവീദ് വിജയം, പ്ലമേനചരിതം, കത്രീനാ നാടകം, ലൂസിനാ ചരിതം, യാക്കോബ് നാടകം, സന്നിക്ലോസ് ചരിതം തുടങ്ങിയ വിശ്വാസ-വീരോജ്ജ്വല കഥകളും, ജാങ്ഗോനസുന്ദരി, കോമളചന്ദ്രിക, സത്യപാലൻ, ധർമിഷ്ടൻ തുടങ്ങിയ സന്മാർഗിക കഥകളുമടക്കം ആദ്യകാലത്ത് അമ്പതോളം ചുവടികളാണ് പ്രചാരത്തിലുണ്ടായിരുന്നത്.

യൂറോപ്യൻ മിഷനറിമാർക്കും പോർച്ചുഗീസുകാർക്കും കൂടുതൽ സ്വാധീനമുണ്ടായിരുന്ന ഉത്തരകേരളത്തിലെ കണ്ണൂർ മുതൽ തെക്ക് കൊല്ലം വരെയുള്ള തീരപ്രദേശത്താണ് ചവിട്ടുനാടകം കൂടുതലായി പ്രചരിപ്പിച്ചത്.

### ഈ രംഗകലയ്ക്ക് തകർച്ച നേരിട്ടതെങ്ങിനെ?

ചവിട്ടുനാടക പ്രസ്ഥാനത്തിന്റെ ജീവനാഡികളായി പ്രവർത്തിച്ചിരുന്ന കത്തോലിക്കാ മിഷനറിമാർ പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തോടെ കേരളത്തിൽ നിന്ന് പിൻവാങ്ങിയത് ഇതിന്റെ തളർച്ചക്കും തകർച്ചക്കും വഴിവച്ചു. ഇക്കാലത്തുണ്ടായ കഥകളിയുടെ വളർച്ചയും ഗദ്യനാടകങ്ങളുടെ വേലിയേറ്റവും ചവിട്ടുനാടകത്തിന്റെ നിലനിൽപ്പുതന്നെ ഇല്ലാതാക്കി. തമിഴ് നാടകകമ്പനികൾ സ്ഥിരം നാടകവേദികളുമായി കേരളത്തിലുടനീളം ചുറ്റി സഞ്ചരിക്കാൻ തുടങ്ങിയതും ഈ കലാരൂപത്തിന് വിനയായി.

നടന്മാരുടെ മദ്യാസക്തി, ശിക്ഷണരാഹിത്യം, കഥാപാത്രത്തെക്കുറിച്ചുള്ള അറിവില്ലായ്മ, അച്ചടക്കമില്ലായ്മ, പണശേഷിയുള്ളവർ പ്രധാന റോളുകൾ കയ്യടക്കുന്ന രീതി തുടങ്ങിയ അന്തസ്സില്ലാത്ത, യുക്തിരഹിതമായ പ്രവർത്തികൾ നാടകനടത്തിപ്പിൽ കടന്നുകൂടിയത് ചവിട്ടുനാടകത്തിന്റെ വളർച്ചക്ക്



തടസ്സമായി. പിൻപാട്ടുകാരുടെ ശ്രദ്ധക്കുറവും, കഴിവില്ലായ്മയും, നാടകാവതരണത്തെ തളർത്തി. കാലോചിതമായ പുതിയ ചുവടികൾ ഉണ്ടാകാതിരിക്കുന്നതും നാടകത്തിന്റെ ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന ദൈർഘ്യവും ആസ്വാദകരിൽ മടുപ്പുളവാക്കി. ഏറെക്കാലം ത്യാഗം സഹിച്ച് നാടകപരിശീലനം നടത്താനുള്ള താൽപര്യവും പുതിയ തലമുറയ്ക്കില്ലാതായി. കരവിരുതോടെ നാടകച്ചമയങ്ങൾ തയ്യാറാക്കുന്ന നാടൻകലാകാരന്മാർക്കും കുറവുവന്നു. വളരെക്കാലമായി കേട്ടുമടുത്ത ചെന്തമിഴ് പാട്ടുകൾ വീണ്ടും കേട്ടിരിക്കാൻ ശ്രോതാക്കൾക്ക് താൽപര്യമില്ലാതായി. അവർ ചവിട്ടുനാടകത്തെ കൈവെടിഞ്ഞ് പ്രഹസനങ്ങളേയും മലയാള സംഗീതനാടകങ്ങളേയും നെഞ്ചേറ്റി ലാളിക്കാൻ തുടങ്ങി.

### ഈ കലാരൂപത്തെ എങ്ങനെ രക്ഷിക്കാം?

ചവിട്ടു നാടകത്തെ മരണശയ്യയിൽ നിന്ന് രക്ഷിക്കണമെങ്കിൽ ഈ രംഗത്ത് നിരവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

തമിഴ്ഭാഷയുടെ സ്വാധീനം കുറച്ചും ഓർക്കസ്ട്രയുടെ അടിച്ചുപൊളി നിയന്ത്രിച്ചും നല്ല സംവിധായകരുടെ കീഴിൽ ചിട്ടപ്പെടുത്തിയും ചവിട്ടുനാടകത്തിന് പുതുജീവൻ നൽകാമെന്ന് പ്രശസ്ത നാടക പ്രവർത്തകനായ ചന്ദ്രദാസൻ അഭിപ്രായപ്പെടുന്നു.

ചവിട്ടുനാടകത്തെ പുനരുദ്ധരിക്കാൻ കൊച്ചി കേന്ദ്രമാക്കി സെന്റർ ഫോർ ചവിട്ടുനാടകം എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കേണ്ടത് അനിവാര്യമാണെന്ന് പ്രശസ്ത നാടകകൃത്തും കേരള സംഗീത നാടക അക്കാദമി മുൻ വൈസ് ചെയർമാനുമായ ടി.എം. എബ്രഹാം ശക്തമായി ആവശ്യപ്പെടുന്നു. ഇതിന് കേരള സംഗീത നാടക അക്കാദമിയോ, കേരള കലാമണ്ഡലമോ കൂടുതൽ താൽപര്യമെടുക്കേണ്ടതുണ്ട്.

special note

**ചവിട്ടു നാടകം സ്കൂൾ കലോത്സവത്തിൽ;**

വർഷങ്ങൾക്ക് മുൻപുതന്നെ ചവിട്ടു നാടകം സ്കൂൾ കലോത്സവത്തിൽ ഒരിനമാക്കുമെന്ന് അന്നത്തെ സംസ്ഥാന വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചിരുന്നതാണ്. ശ്രീ എം.എ. ബേബി പ്രത്യേക താൽപര്യമെടുത്ത് സ്കൂൾ കലോത്സവത്തിൽ ഇതൊരു പ്രദർശനമത്സരമാക്കുകയും ചെയ്തു.

എന്നാൽ ഇതൊരു മത്സര ഇനമാക്കി സ്കൂൾ കലോത്സവ മാന്വലിൽ ഉൾപ്പെടുത്തിയില്ല.

പിന്നീട് വന്ന വിദ്യാഭ്യാസമന്ത്രി ശ്രീ അബ്ദുറബ്ബാണ് 2012-2013 അധ്യയന വർഷം മുതൽ ചവിട്ടു നാടകം മത്സരത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. അദ്ദേഹത്തെ ഈ അവസരത്തിൽ ഹൃദയം തുറന്ന് അഭിനന്ദിക്കുകയാണ്.



# മുസിരിസ് എന്ന പ്രചോദനം

● കെ.എ. ഷാജി

മുസിരിസ്

2018 ഓഗസ്റ്റിൽ കേരളത്തെ ദുരന്ത ഭൂമിയാക്കിയ പ്രളയത്തെക്കുറിച്ച് ഡിസ്കവറി ചാനൽ ഒരു ഡോക്യുമെന്ററി തയാറാക്കിയിരുന്നു. അതിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന സമയത്താണ് മുസിരിസ് എനിക്കൊരു ഭ്രമിപ്പിക്കുന്ന വിഷയമായി മാറുന്നത്. ഡൽഹിയിൽ നിന്നുള്ള മാധ്യമ പ്രവർത്തക അനുഭ ഭോൺസ്ലെ ആയിരുന്നു സംവിധായിക. പരിചയസമ്പന്നനായ ക്യാമറാമാൻ അജ്മൽ ജാവി പ്രളയാനന്തര ദൃശ്യങ്ങൾ ചിത്രീകരിക്കുന്നു. കൊടുങ്ങല്ലൂർ-പറവൂർ ബെൽറ്റിൽ ചിത്രീകരണം നടക്കുമ്പോൾ ചരിത്രബോധമുള്ള നാട്ടുകാർ പലരും പറഞ്ഞു, 1341ൽ പുരാതന മുസിരിസ് തുറമുഖത്തെ തുടച്ചുനീക്കിയ പ്രളയത്തിനു തുല്യമാണ് ഇപ്പോൾ കഴിഞ്ഞുപോയതും എന്ന്.

കേരളത്തെ തെക്കും വടക്കുമായി വിഭജിക്കുന്ന പെരിയാർ 2018 ഓഗസ്റ്റ് 14 ലെ പ്രഭാതം മുതൽ കരകവിഞ്ഞൊഴുകുകയായിരുന്നു. ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളുടെ വലിയ പങ്കും വെള്ളത്തിനടിയിലായി. മൂന്നു ദിവസം ആ നില തുടർന്നു. ജനങ്ങളുടെ ജീവനും സ്വത്തും പുണ്യസ്ഥലങ്ങളുമെല്ലാം ഒന്നുപോലെ ജലഭീഷണി അഭിമുഖീകരിച്ചു. ഒപ്പം, ഐതിഹാസിക മാനങ്ങളുള്ള തുറമുഖ പട്ടണമായ മുസിരിസിന്റെ അമൂല്യമായ പുരാവസ്തു ശേഷിപ്പുകളും. മുസിരിസിലെ വിലമതിക്കാനാവാത്ത പല പൈതൃകസ്മരണകളും പ്രളയം കവർന്നെടുത്തെന്ന് നാട്ടുകാർ ഞങ്ങളോടു പറഞ്ഞു. കൃത്യം പെരിയാർ അറബിക്കടലിൽ ചേരുന്ന അതേ സ്ഥലത്താണ് മുസിരിസ് നിലകൊണ്ടിരുന്നതെന്ന് പ്രാദേശിക സമൂഹവുമായുള്ള സംഭാഷണത്തിൽ നിന്ന് എനിക്കു വ്യക്തമായി. നൂറ്റാണ്ടുകൾക്കു മുൻപ് റോം അടക്കമുള്ള പുരാതന നഗരങ്ങളുമായി ബന്ധമുണ്ടായിരുന്ന ഒരു സാംസ്കാരിക-വാണിജ്യ കേന്ദ്രം എന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം അടയാളപ്പെടുത്തുന്ന ശക്തമായ ആർക്കിയോളജിക്കൽ തെളിവുകൾ ഈ ബെൽറ്റിലെ പെരിയാറിന്റെ തീരങ്ങൾ കാത്തുവച്ചിട്ടുണ്ടെന്ന് തുടർന്നുള്ള സന്ദർശനങ്ങളോടെ വിശ്വാസവുമായി.

1341ൽ മഹാദുരന്തം വിതച്ച് കരകവിഞ്ഞൊഴുകിയ പെരിയാറാണ് ഈ നാഗരിക കേന്ദ്രത്തെ മായ്ച്ചു കളഞ്ഞത്. അന്നത്തെ മഹാപ്രളയം

നാമാവശേഷമാക്കിയത് ഭൂഖണ്ഡാന്തര വ്യാപാര ബന്ധങ്ങളെ മാത്രമായിരുന്നില്ല, മലബാർ തീരത്തിനും അതിന്റെ സുഗന്ധദ്രവ്യങ്ങൾക്കും ലോക ഭൂപടത്തിൽ ഇടം നേടിക്കൊടുത്ത പുരാതന തുറമുഖനഗരത്തിന്റെ ബാക്കിയായ കണ്ണികളെ കൂടിയായിരുന്നു. ഭാഗ്യവശാൽ ഇത്തവണ ഓഗസ്റ്റ് 16നു വൈകുന്നേരത്തോടെ വെള്ളം ഇറങ്ങി, 1341ലെ സർവനാശത്തോളം കാര്യങ്ങൾ എത്തിയില്ല.

ഈ പശ്ചാത്തലത്തിലാണ് 2019ൽ ഞാൻ വീണ്ടും മുസിരിസ് സന്ദർശിച്ചത്. ഇത്തരത്തിൽ ലോകത്ത് രണ്ടാമത്തേതും ഇന്ത്യയിൽ ആദ്യത്തേതുമായ കൊടുങ്ങല്ലൂർ ചേരമാൻ മസ്ജിദിനെക്കുറിച്ച് കോൽക്കത്തയിൽ നിന്നിറങ്ങുന്ന ദ ടെലിഗ്രാഫ് ദിനപത്രത്തിലേക്ക് ഒരു ലേഖനം തയാറാക്കുക എന്ന ലക്ഷ്യം കൂടി എനിക്കുണ്ടായിരുന്നു. മസ്ജിദ് ഇപ്പോൾ മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നവീകരിക്കപ്പെടുകയാണ്. മേഖലയിൽ നിലനിൽക്കുന്ന സാംസ്കാരിക - സാമൂഹിക സമന്വയത്തിലേക്ക് ഒരു മുതൽക്കൂട്ടാണത്.

മുസിരിസ് പൈതൃക പദ്ധതിയുടെ ഓഫീസിൽ ഞാനെത്തുമ്പോൾ, മസ്ജിദിനെക്കൂടാതെ മേഖലയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്ന എല്ലാ പ്രധാന ചരിത്രസ്മാരകങ്ങളിലേക്കും എന്നെ കൊണ്ടുപോകുന്നതിന് ഒരു ബോട്ട് കാത്തു കിടക്കുന്നുണ്ടായിരുന്നു. കേരളത്തിൽ ആലപ്പുഴ-കുട്ടനാട് മേഖലയിൽ മാത്രമാണ് കായൽ ടൂറിസത്തിനു സാധ്യതയുള്ളതെന്നായിരുന്നു അതുവരെ എന്റെ ധാരണ. ഈ യാത്രയിൽ കായലും നദികളും കനാൽ ശൃംഖലകളും ചേർന്ന് മനോഹരമായ ദൃശ്യവിരുന്നാണ് പകർന്നുതന്നത്. ബാബിലോണിയക്കാരും അസീറിയക്കാരും ഈജിപ്ഷ്യൻമാരും സുഗന്ധദ്രവ്യങ്ങൾ തേടി മലബാർ തീരത്തുവന്ന ബിസി 3000 മുതലാണ് മുസിരിസിന്റെ പുഷ്കലകാലമെന്ന് കൂടെയുണ്ടായിരുന്ന ഗൈഡ് പറഞ്ഞു. പിന്നീട് അറബികളും ഫിനീഷ്യക്കാരും വന്നു, പുരാതന ലോകവ്യാപാര ഭൂപടത്തിലേക്ക് ഈ തുറമുഖവും ക്രമേണ ഇടം പിടിക്കുകയായിരുന്നു. ആ പുരാതന വ്യാപാര പാതകളിലെ അവിഭാജ്യ ഘടകമായിരുന്ന മുസിരിസ് ഇന്ന് കേരളത്തിന്റെ സമ്പന്നമായ പുരാതന ചരിത്രത്തിലേക്കുള്ള താക്കോൽ തന്നെയാണ്.

രാമകഥകളിൽ മുചിരിപട്ടണമാണ് മുസിരിസ്. സുഗ്രീവന്റെ വാനരസേന സീതയ്ക്കായുള്ള അന്വേഷണം തുടങ്ങുന്നത് ഇവിടത്തെ കാട്ടിലായിരുന്നത്രെ. കുരുമുളക് വാങ്ങാൻ കപ്പൽ നിറയെ പൊന്നുമായി മുസിരിസിൽ വന്നടുക്കുന്ന അസംഖ്യം റോമൻ കപ്പലുകളെക്കുറിച്ച് ആദ്യ നൂറ്റാണ്ടുകളിലെ സംഘകാല തമിഴ് കൃതികളിൽ വിവരിക്കുന്നുണ്ട്.

ഒന്നാം നൂറ്റാണ്ടിൽ പ്ലീനിയും അദ്ദേഹത്തിന്റെ കാലത്ത് അജ്ഞാതനാൽ എഴുതപ്പെട്ട പെരിപ്ലസ് മാരിസ് എറിത്രിയയിലും പറയുന്നതനുസരിച്ച് ഈജിപ്ഷ്യൻ തീരത്തെ ചെങ്കടൽ തുറമുഖങ്ങളിൽ നിന്ന് മൺസൂൺ കാറ്റിന്റെ ഒപ്പം പിടിച്ചാൽ രണ്ടാഴ്ച കൊണ്ട് മുസിരിസിലെത്താമായിരുന്നു.

തെക്കൻ ദേശത്തെ പ്രധാന ബുദ്ധമത സങ്കേതങ്ങളിലൊന്നു കൂടിയായിരുന്നു മുസിരിസ് എന്ന് ഗൈഡ് പറഞ്ഞത്, ബുദ്ധമതത്തോട് ഏറെ താത്പര്യമുള്ള വ്യക്തി എന്ന നിലയിൽ എന്നെ ആവേശഭരിതനാക്കി. പുരാതനമായ കുരുംബ ഭഗവതി ക്ഷേത്രം ഒരു ബുദ്ധവിഹാരമായിരുന്നു. തദ്ദേശവാസികൾ ബുദ്ധമതം ഉപേക്ഷിച്ചതോടെയാണ് ഇത് ഹൈന്ദവ ക്ഷേത്രമാകുന്നത്. മേഖലയിൽ ശക്തമായൊരു യഹൂദ സാന്നിധ്യവുമുണ്ട്.

ഇസ്ലാം, ക്രിസ്തുമതം, യഹൂദ മതം എന്നിങ്ങനെ എല്ലാ സെമിറ്റിക് മതങ്ങൾക്കും ഇന്ത്യയിലേക്കുള്ള പ്രവേശന കവാടം ഈ മേഖലയായിരുന്നു എന്ന അനിതരസാധാരണമായ പ്രത്യേകതയും യാത്രയിൽ ഞാൻ മനസിലാക്കി. പ്രമുഖമായ ഹൈന്ദവ





തീർഥാടനകേന്ദ്രവുമാണിത്. ഇങ്ങെയൊരു ചരിത്രം ഇന്ത്യയിൽ മറ്റൊരു ജനപദത്തിനും അവകാശപ്പെടാൻ കഴിയില്ല. സാമുദായിക സഹകരണത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും രണ്ടായിരത്തിലധികം വർഷത്തെ സുദീർഘമായ ചരിത്രവും ഈ പ്രദേശത്തിനുണ്ട്.

വർഷങ്ങൾകൊണ്ട് മുചിരിപട്ടണം മുസിരിസും കൊടുങ്ങല്ലൂരുമായി മാറുകയായിരുന്നു. മലയാളത്തിലെ മുച്ചിറി, അഥവാ മുച്ചുണ്ടാണ് മുചിരിയായത്. ഇവിടെ മൂന്നായി പിരിഞ്ഞ് അറബിക്കടിലേക്ക് ചേരുന്ന പെരിയാറിനെ ആയിരിക്കണം അത് സൂചിപ്പിക്കുന്നത്. ക്രിസ്തു ശിഷ്യനായിരുന്ന സെന്റ് തോമസ് എഡി 52ൽ കൊടുങ്ങല്ലൂരിൽ കപ്പിലിറങ്ങിയെന്നുമുണ്ട് ഐതിഹ്യം. പെരിയാർ കടലിനോടു ചേരുന്ന അഴീക്കോട്ട് ഇതിന്റെ ഓർമയ്ക്കായി ഒരു പള്ളിയും സ്ഥാപിച്ചിട്ടുണ്ട്. സമീപകാലം വരെ പട്ടണത്തിൽ പുഷ്ടി പ്രാപിച്ച ഒരു യഹൂദ സമൂഹവും ഉണ്ടായിരുന്നെങ്കിലും അവരിൽ ബഹുഭൂരിപക്ഷവും ഇസ്രായേലിലേക്കു പോയി. പറവൂർ മേഖലയിലെ സിനഗോഗുകൾ വശ്യമനോഹരങ്ങളാണ്.

കേരള ചരിത്രത്തിന്റെ സ്മാരകങ്ങളാണ് സമ്പുഷ്ടമാണ് കൊടുങ്ങല്ലൂർ-പറവൂർ ബെൽറ്റ് മുഴുവൻ: പള്ളികൾ, അമ്പലങ്ങൾ, സിനഗോഗുകൾ, ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിങ്ങനെ. ഓരോ സ്മാരകത്തിന്റെ പുരാതന സ്വഭാവവും സൗന്ദര്യശാസ്ത്രവും നിലനിർത്തിക്കൊണ്ടുള്ള നവോത്ഥാന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്നതാണ് ഏറ്റവും സന്തോഷകരം. ഐക്യത്തിന്റെയും അഖണ്ഡതയുടെയും പ്രതീകമെന്നോണം ഇവയെല്ലാം നവീകരിച്ച് സംരക്ഷിക്കുന്നതിൽ മുസിരിസ് പൈതൃക പദ്ധതി അഭിനന്ദനം അർഹിക്കുന്നു.

കൊടുങ്ങല്ലൂരിലും പറവൂരിലുമായി ഏഴു പഞ്ചായത്തുകളിൽ പരന്നു കിടക്കുന്ന മുസിരിസ് പൈതൃക പദ്ധതി പൂർത്തിയാകുമ്പോൾ 27 മ്യൂസിയങ്ങളുണ്ടാവും. ഇറ്റാലിയൻ മൺപാത്രങ്ങളുടെയും റോമൻ പിഞ്ഞാണങ്ങളുടെയും അവശിഷ്ടങ്ങൾ കണ്ടെടുത്ത ഉദ്ഖനന സ്ഥലങ്ങൾ മുതൽ സ്പൈസ് മ്യൂസിയം വരെ ആകർഷകമായ അമ്പതിലധികം സന്ദർശന സ്ഥലങ്ങളും.

ചില്ല് മുത്തുകൾ മുതൽ ഇന്ന് ഇറാക്ക് ആയി മാറിയ പഴയ മെസപ്പൊട്ടേമിയയിൽ നിന്നുള്ള പാത്രങ്ങളുടെ അവശിഷ്ടങ്ങൾ വരെ 95,000ത്തിലധികം വസ്തുക്കൾ പദ്ധതിയുടെ ഭാഗമായി നടക്കുന്ന ഉദ്ഖനനങ്ങളിൽ കണ്ടെടുത്തിട്ടുണ്ട് എന്നതും ശ്ലാഘനീയം. കൊടുങ്ങല്ലൂരിനും പറവൂരിനുമിടയിലുള്ള ചേന്ദമംഗലം എന്ന നെയ്ത്തുഗ്രാമത്തിലെ സന്ദർശനം വ്യത്യസ്തമായ ഒരു അനുഭവമായിരിക്കും. കൊച്ചി രാജ്യത്തിന്റെ മന്ത്രിമാരായിരുന്ന പാലിയത്തച്ചൻമാരുടെ ആസ്ഥാനമായിരുന്നു ഇവിടം.

ഏറ്റവും മികച്ച കൈത്തറി വസ്ത്രങ്ങൾ നെയ്യുന്നവരുടെ രീതികൾ മാത്രമല്ല, പാലിയം കൊട്ടാരവും ഇവിടത്തെ പ്രധാന ആകർഷണമാണ്. പാലിയത്തച്ചൻമാർ ഡച്ച് വാസ്തുവിദ്യാ മാതൃകയിൽ പണികഴിപ്പിച്ചതാണിത്. പാലിയത്ത് കുടുംബത്തിലെ സ്ത്രീകളും കുട്ടികളും ഉപയോഗിച്ചിരുന്ന നാലുകെട്ടും ഗ്രാമത്തിലെ മറ്റൊരു ആകർഷണം തന്നെ.

പള്ളിപ്പുറം, കോട്ടപ്പുറം, ഗോതുരുത്ത് തുടങ്ങി കായലാൽ സമ്പുഷ്ടമായ മനോഹര ദേശങ്ങളിലേക്കും ബോട്ട് എന്നെ കൊണ്ടുപോയി. വലിയൊരു അനുഭവം തന്നെയായിരുന്നു അത്. പദ്ധതി പൂർണമായ ശേഷം മറ്റൊരു സന്ദർശനത്തിനായി ഞാൻ കാത്തിരിക്കുകയാണ്. കേരള ടൂറിസത്തിൽ ഏറ്റവും ജനപ്രിയമായ ലക്ഷ്യമായി മുസിരിസ് മാറുമെന്ന് എനിക്കുറപ്പുണ്ട്.



# ആലപ്പുഴ പൈതൃക പദ്ധതി ഉദ്ഘാടനം

മുസിരിസ് പൈതൃക പദ്ധതിക്ക് കീഴിലുള്ള ആലപ്പുഴ പൈതൃക പദ്ധതി പൂർത്തീകരിച്ച പദ്ധതികളുടെ സമർപ്പണവും പുതിയ പദ്ധതികളുടെ ആരംഭവും നവംബർ 3 ന് ആലപ്പുഴ പോർട്ട് മ്യൂസിയത്തിൽ വെച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ബഹു. ടൂറിസം-സഹകരണം-ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ ശ്രീ. ജി സുധാകരൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. രാമചന്ദ്രൻ കടന്നപ്പിള്ളി, ശ്രീ. പി. തിലോത്തമൻ, ശ്രീ. കെ .കൃഷ്ണൻ കുട്ടി, ബഹു. ആലപുഴ MP എ.എം .ആരിഫ്, ബഹു. മുനിസിപ്പൽ ചെയർമാൻ ശ്രീ. ഇല്ലിക്കൽ കുഞ്ഞുമോൻ, മാനേജിംഗ് ഡയറക്ടർ പി.എം. നൗഷാദ് തുടങ്ങിയവൻ സന്നിഹിതരായിരുന്നു.

# മുസിരിസ് മുനക്കൽ ബീച്ച് തുറന്നു

അഴീക്കോട് മുസിരിസ് മുനക്കൽ ബീച്ച് സന്ദർശകർക്കായി തുറന്നു കൊടുത്തു. കോവിഡ് പ്രതിസന്ധി മൂലം ഏഴ് മാസക്കാലം അടഞ്ഞു കിടക്കുകയായിരുന്നു. മുനക്കൽ ബീച്ചിൽ കോവിഡിന് ശേഷം വിനോദ സഞ്ചാരരംഗം പൂർവ്വസ്ഥിതിയിലേക്ക് തിരിച്ചെത്തിക്കുന്നതിന്റെ ഭാഗമായാണ് ബീച്ച് തുറക്കുന്നത്. ചാവക്കാടുള്ള സൈക്കിൾ റൈഡർമാരുടെ കൂട്ടായ്മയായ ചാവക്കാട് സൈക്ലിസ്റ്റ് ക്ലബ്ബിലെ ഇരുപത് പേരടങ്ങുന്ന സൈക്കിൾ റൈഡർമാർ സംഘടിപ്പിച്ച പൈതൃക യാത്രയുടെ ഭാഗമായി ആദ്യ സഞ്ചാരികളായി ബീച്ചിൽ എത്തി. സൈക്കിൾ ക്ലബ് സംഘത്തെ മുസിരിസ് പൈതൃക പദ്ധതിയിലേക്ക് കോ വിഡ് പ്രോട്ടോകോൾ അനുസരിച്ചാണ് സ്വീകരിച്ചത്. ചാവക്കാട് നിന്നും അറുപതോളം കിലോമീറ്റർ ദൂരം സൈക്കിളിൽ സഞ്ചരിച്ചാണ് സൈക്ലിസ്റ്റ് ക്ലബ് അംഗങ്ങൾ മുനക്കൽ ബീച്ചിൽ എത്തിയത്. പ്രത്യേക കവാടം വഴി സാനിറ്റൈസർ നൽകിയും ശരീര താപനില പരിശോദിച്ചതിനും ശേഷമാണ് സന്ദർശകരെ കടത്തിവിട്ടത്. സംഘം കോട്ടപുറം വാട്ടർ ഫ്രണ്ടിൽ നിന്ന് ബോട്ട് യാത്ര നടത്തുകയും പാലിയം മ്യൂസിയവും, കോട്ടപ്പുറം കോട്ടയും സന്ദർശിച്ചാണ് മടങ്ങിയത്. വിവിധ മ്യൂസിയങ്ങളിൽ മുസിരിസ് മ്യൂസിയം മാനേജർമാരായ സജ്ന വസന്ത രാജ്, നിമ്മി കെ. ബി, ജൂനിയർ എക്സിക്യൂട്ടിവ് അഖിൽ എസ്. ഭദ്രൻ തുടങ്ങിയവർ ചേർന്നാണ് സ്വീകരിച്ചത്.







# സൈക്കിൾ യാത്ര നടത്തി

മുസിരിസ് പൈതൃക പദ്ധതിയുടെ ആഭിമുഖ്യത്തിൽ കൊച്ചി പെടൽ ഫോർ സൈക്ലിംഗ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ചരിത്രം തൊട്ടറിഞ്ഞ് സൈക്കിൾ യാത്ര നടത്തി. കൊച്ചി മെട്രോ റയിൽ ലിമിറ്റഡിന്റെ സഹകരണത്തോടെ മുസിരിസിലേക്കുള്ള സൈക്കിൾ റൈഡ് തൃപ്പൂണിത്തറയിൽ നിന്ന് ആരംഭിച്ചു. 100 കി.മീ. സഞ്ചരിച്ച് 15 ഓളം പേർ പറവൂർ ജൂതപ്പള്ളിയിൽ എത്തിച്ചേർന്നു. സംഘത്തെ മുസിരിസ് പൈതൃക പദ്ധതി മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, മ്യൂസിയം മാനേജർ നിമ്മി കെ. ബി. എന്നിവർ ചേർന്ന് സ്വീകരിച്ചു.

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717